**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1941** **08.06.2018-ൽ മറുപടിയ്ക്ക്**

## കോന്നി താലൂക്കിൽ ആർ.ടി.ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പുതുതായി രൂപീകരിച്ച കോന്നി താലൂക്കിൽ ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിന് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദീകരിക്കുമോ; | (എ) | മോട്ടോർവാഹന വകുപ്പിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പുതിയ താലൂക്കുകളിലും കോന്നി ഉൾപ്പടെ 11 സ്ഥലങ്ങളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിന് ഗതാഗത കമ്മീഷണർ ശിപാർശ നൽകിയിരുന്നു. |
| (ബി) | കോന്നിയിൽ ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിലേക്കായി എം.എൽ.എ.നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കോന്നി ഉൾപ്പെടെ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത ഏഴ് താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) | കോന്നിയിൽ എന്നത്തേയ്ക്ക് ആർ.ടി.ഓഫീസ് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (സി) | അടുത്ത സാമ്പത്തിക വർഷത്തോടെ ഈ നടപടികൾ പൂർത്തിയാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ